**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5301** **05-07-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറിയുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിപണിയിൽ പച്ചക്കറിയുടെ വില വർദ്ധിക്കാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് പച്ചക്കറിയുടെ ലഭ്യതയിൽ ഉണ്ടായ കുറവാണ് വിലക്കയറ്റത്തിന് പ്രധാന കാരണമായിട്ടുള്ളത്. |
| (ബി) | ഹോർട്ടികോർപ്പ് വഴി ഏതൊക്കെ പച്ചക്കറി ഇനങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത്; ഹോർട്ടികോർപ്പിന്റെ എല്ലാ വിതരണ കേന്ദ്രങ്ങളിലും മേൽപ്പറഞ്ഞ എല്ലായിനം പച്ചക്കറികളും ലഭ്യമാണോയെന്ന് അറിയിക്കാമോ; | (ബി) | ഹോർട്ടികോർപ്പ് വഴി വിതരണം ചെയ്യുന്ന പച്ചക്കറികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>അമര, കത്തിരി, വഴുതന, വെണ്ട, പാവയ്ക്ക, പയർ, തടിയൻ, ചെറിയ മുളക്, വലിയ മുളക്, ചീര, പടവലം പേയൻകായ്, പച്ചമാങ്ങ, ക്യാരറ്റ്, ക്യാബേജ്, ബീൻസ്, ക്യാപ്സിക്കം, കോളിഫ്ലവർ, ഉരുളക്കിഴങ്ങ്, കോവയ്ക്ക, വെള്ളരി, തക്കാളി, ചെറിയ നാരങ്ങ, വലിയ നാരങ്ങ , മുരിങ്ങയ്ക്ക, ഇഞ്ചി, ചെറിയ ചേമ്പ്, വലിയ ചേമ്പ്, ചേന, സവാള, ചെറിയ ഉള്ളി, കാച്ചിൽ, മരച്ചീനി, കൂർക്ക, മല്ലി ഇല, കറിവേപ്പില, സലാഡ് വെള്ളരി, ചുരയ്ക്ക, ചൗചൗ, സെല്ലറി, പാർസലി, പുതിന,രംഭ, പാലക്, ലെറ്റൂസ്, സ്പ്രിങ് ഒനിയൻ, നെല്ലിക്ക, ഏത്തൻകായ്.<br><br>സീസണും പ്രാദേശിക ലഭ്യതയും അനുസരിച്ച് ചില ഇനങ്ങളുടെ ലഭ്യത വ്യത്യാസപ്പെടാറുണ്ട്. |
| (സി) | പ്രാദേശികമായി പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന കർഷകരിൽ നിന്നും നേരിട്ട് കൂടുതൽ പച്ചക്കറി സംഭരിച്ചുകൊണ്ട് ഫലപ്രദമായ വിപണി ഇടപെടലിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്നിതിനായി കൃഷി വകുപ്പിന്റെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ചന്തകൾ, ഗ്രാമചന്തകൾ, പ്രീമിയം ഒട്ട് ലെറ്റുകൾ, ഹോർട്ടികോർപ്പിന്റെ 13 ജില്ലാ സംഭരണ കേന്ദ്രങ്ങൾ, 6 ഉപസംഭരണ കേന്ദ്രങ്ങൾ വി.എഫ്.പി.സി.കെ-യുടെ 295 സ്വാശ്രയ കർഷക സമിതികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 2021-22-ലെ കാർഷിക വിപണന ശാക്തീകരിക്കൽ പദ്ധതിയുടെ ഭാഗമായി, വിപണനത്തിനായി വാഹന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ഘടകത്തിൽ ഉൾപ്പെടുത്തി എഫ്.പി.ഒ. കൾ, സഹകരണ സംഘങ്ങൾ, സ്വാശ്രയ കർഷക സമിതികൾ, മറ്റ് കർഷക കൂട്ടായ്മകൾ എന്നിവയ്ക്കായി 19 ശീതീകരിച്ച പഴം, പച്ചക്കറി വാഹനങ്ങൾ (റീഫർ വാനുകൾ) നൽകിയിട്ടുണ്ട്.<br><br>പച്ചക്കറികൾ കേടുകൂടാതെ ശീതീകരണ സൗകര്യങ്ങളോടുകൂടി ശേഖരിക്കുന്നതിന് വി.എഫ്.പി.സി.കെ. യുടെ കീഴിൽ വയനാട്, തൃശ്ശൂർ ജില്ലകളിലെ പായ്ക്ക് ഹൗസുകളിൽ 10മെട്രിക് ടൺ സംഭരണശേഷിയുള്ള കോൾഡ് സ്റ്റോറേജ് സൗകര്യം നിലവിലുണ്ട്.<br><br>ഇടുക്കി ജില്ലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ശീതകാല പച്ചക്കറികൾ ശേഖരിച്ച് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന് ഒരു കോൾഡ് ചെയിൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 2024-25 വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ